# മഹാത്മാഗാന്ധി സർവ്വകലാശാല

**കൃഷ്ണമൂർത്തി റ്റി.എസ്.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
**ഫോൺ**: 0481 2731020, 2732650
**മൊബൈൽ** : 9447660554

പി.ആർ.ഒ./39/191/2018 2018 സെപ്റ്റംബർ 12

# പത്രക്കുറിപ്പ്

**സീറ്റ് ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് & ഡെവലപ്പ്മെന്റ് സ്റ്റസീൽ എം എ 2018 അധ്യയനവർഷത്തിലെ ഗാന്ധിയൻ സ്റ്റഡീസ് ബാച്ചിൽ എസ് റ്റി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. ക്യാറ്റ് പ്രോസ്പെക്റ്റസ് പ്രകാരം യോഗ്യരായ താൽപര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി 2018 സെപ്റ്റംബർ 19 ബുധനാഴ്ച 5 മണിക്ക് മുൻപ് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481-2731039 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**പരീക്ഷ ഫലം**

സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് 2018 ജൂലായ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം എസ് സി കമ്പ്യൂട്ടർ സയൻസ് ഫാക്കൽറ്റി, സി.എസ്.എസ്. പരീക്ഷ ഫലം 11.09.2018-ാം തീയതി പ്രസിദ്ധികരിച്ചു.

**പ്രളയബാധിതർക്ക് നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അദാലത്ത്.**

പ്രളയക്കെടുതിയിൽ നഷ്ടപ്പെട്ട വിലപ്പെട്ട വിദ്യാഭ്യാസ രേഖകൾ ലഭ്യാമാക്കാൻ മഹാത്മാഗാന്ധി സർവ്വകലാശാല 2018 സെപ്റ്റംബർ 25 ന് "കനിവ് 2018" എന്ന പേരിൽ അദാലത്ത് സംഘടിപ്പിക്കുന്നു. സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർ സർവ്വകലാശാലയുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിരിക്കുന്ന പ്രത്യേക പോർട്ടലിൽ അപേക്ഷ സമർപ്പിക്കേണ്ടതും അതിന്റെ പകർപ്പെടുത്ത് ബന്ധപ്പെട്ട വില്ലേജ് ആഫീസറുടെയോ അല്ലെങ്കിൽ മറ്റു റവന്യൂ അധികാരികളുടെയോ സാക്ഷ്യപത്രത്തോടൊപ്പം 2018 സെപ്റ്റംബർ 19-നകം, ഡെപ്യൂട്ടി രജിസ്ട്രാർ VIII (പരീക്ഷ) മോണിറ്ററിംഗ് സെൽ, മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം -686560 എന്ന വിലാസത്തിൽ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. വ്യത്യസ്ത കോഴ്സുകൾക്ക് പ്രത്യേകം അപേക്ഷകൾ നൽകണം. തികച്ചും സൗജന്യമായാണ് സർവ്വകലാശാല നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നത്. തയ്യാറായ സർട്ടിഫിക്കറ്റുകൾ 2018 സെപ്റ്റംബർ 25-ന് നടക്കുന്ന അദാലത്തിൽ വിതരണം ചെയ്യുന്നതാണ്. വിശദാംശങ്ങൾക്ക് 9746447287/0481-2731560 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

**എം ജി ബിരുദ ഏകജാലകം: മൂന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. മൂന്നാം ഫൈനൽ അലോട്ട്മെന്റിൽ പ്രവേശനത്തിനു അർഹത നേടിയവർ 14/09/2018-നു 4.30 പി എം-നു മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴിയുള്ള ബിരുദ പ്രവേശനത്തിനുള്ള (2018) മൂന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. മൂന്നാം ഫൈനൽ അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഈ മാസം 14-നു

4.30 പി എം–നു മുമ്പായി അലോട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ഈ മാസം 14–നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയ ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്മെന്റ് റദ്ദാക്കുന്നതാണ്.

**എം ജി ബി പി എഡ്/ബി എൽ ഐ എസ് സി ഏകജാലക പ്രവേശനം: സപ്ലിമെന്ററി അലോട്മെന്റ്: ഓപ്ഷൻ രജിസട്രേഷൻ 13.09.2018 വരെ: സപ്ലീമെന്ററി അലോട്മെന്റ് 15/09/2018–നു പ്രസിദ്ധീകരിക്കും.**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴിയുള്ള ബി പി എഡ്/ബി എൽ ഐ എസ് സി പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്മെന്റ് നടത്തുന്നതാണ്. ഇതിനായി 13.09.2018 5.00 പി എം വരെ പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കുവേണ്ടി സ്പെഷ്യൽ അലോട്മെന്റ് നടത്തുന്നതാണ്. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലീകേഷൻ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് അകൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലീകേഷൻ നമ്പറും പഴയ പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. പുതിയ ആപ്ലീകേഷൻ നമ്പർ പിന്നിടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ച് വയ്ക്കേണ്ടതാണ്. അപേക്ഷകന്റെ പിന്നിടുള്ള ആവശ്യങ്ങൾക്കായുള്ള ആപ്ലീകേഷൻ നമ്പർ പുതിയതായി ലഭിക്കുന്ന ആപ്ലീകേഷൻ നമ്പറായിരിക്കും. ലോഗിൻ ചെയ്തതിനു ശേഷം അപേക്ഷകനു താൻ നേരത്തെ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തരത്തിലുള്ള തെറ്റുകൾ കടന്നുകൂടിയുണ്ടെങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. മേൽ പറഞ്ഞ വിഭാഗത്തിൽ പെടാത്തവർക്ക് പുതുതായി ഫീസൊടുക്കി സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. ഓപ്ഷനുകൾ നൽകിയതിനുശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സപ്ലിമെന്ററി അലോട്മെന്റ് 15/09/2018–ന് പ്രസിദ്ധീകരിക്കും. ഓൺലൈൻ രജിസ്ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ സന്ദർശിക്കുക.

**എം ജി പി ജി ഏകജാലക പ്രവേശനം: ഫൈനൽ അലോട്മെന്റ്: ഓപ്ഷൻ രജിസട്രേഷൻ 14/09/2018 മുതൽ 15/09/2018 വൈകുന്നേരം അഞ്ചു മണി വരെ**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഏകജാലകം വഴിയുള്ള പി ജി പ്രവേശനത്തിനുള്ള ഫൈനൽ അലോട്മെന്റ് നടത്തുന്നതാണ്. ഇതിനായി നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കുവേണ്ടി സ്പെഷ്യൽ അലോട്മെന്റ് നടത്തുന്നതാണ്. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലീകേഷൻ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അകൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലീകേഷൻ നമ്പറും പഴയ പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. ഇതിനായി 14/09/2018 മുതൽ 15/09/2018 വൈകുന്നേരം അഞ്ചു മണി വരെ പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്. ഫൈനൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്നവർ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി അപേക്ഷകൻ തന്റെ നിലവിലുള്ള ആപ്ലീകേഷൻ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അകൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ

ലഭിക്കുന്ന പുതിയ ആപ്ലീകേഷൻ നമ്പറും പഴയ പാസ്സ് വേർഡും ലോഗിൻ ചെയ്യുക. പുതിയ ആപ്ലീകേഷൻ നമ്പർ പീന്നിടുള്ള ആവശ്യങ്ങൾക്കായി സൂക്ഷിച്ച് വെയ്ക്കേണ്ടതാണ്. അപേക്ഷകന്റെ പീന്നിടുള്ള ആവശ്യങ്ങൾക്കായുള്ള ആപ്ലീകേഷൻ നമ്പർ പുതിയതായി ലഭിക്കുന്ന ആപ്ലീകേഷൻ നമ്പറായിരിക്കും. ലോഗിൻ ചെയ്തതിനുശേഷം അപേക്ഷകനു താൻ നേരത്തെ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തരത്തിലുള്ള തെറ്റുകൾ കടന്നുകൂടിയുണ്ടെങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. ഫൈനൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതുയി ഓപ്ഷനുകൾ നൽകേണ്ടതാണ്. ഓപ്ഷനുകൾ നൽകിയതിനുശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ സന്ദർശിക്കുക.

ഫൈനൽ അലോട്ട്മെന്റിന്റെ ഒന്നാം അലോട്ട്മെന്റ് ലിസ്റ്റ് 18/09/2018-നു പ്രസിദ്ധീകരിക്കുന്നതും അലോട്ട്മെന്റ് ലഭിക്കുന്നവർ 19/09/2018-നു മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടേണ്ടതുമാണ്. ഫൈനൽ അലോട്ട്മെന്റിന്റെ രണ്ടാം അലോട്ട്മെന്റ് ലിസ്റ്റ് വഴി പ്രവേശനം നേടിയിട്ടുള്ളവരെ ഒഴിവാക്കി 22/09/2018-ന് രണ്ടാം അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. ഒരോ അലോട്ട്മെന്റുകളിലും പ്രവേശനം നേടിയവർ ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടാത്തപക്ഷം അത്തരം അപേക്ഷകരെ തുടർ അലോട്ട്മെന്റുകളിൽ അവരുടെ ഹയർ ഓപ്ഷനുകളിലേക്ക് പരിഗണിക്കുന്നതായിരിക്കില്ല.

പിആർഒ (ഇൻ -ചാർജ്ജ്)